സത്യം മിനിസ്ട്രീസ്

# ജീവവചനം

ദ്വൈവാരിക

20 Years in Literature Ministry

❖ 29 ആഗസ്റ്റ് 2008 ❖ പുസ്തകം 16 ❖ലക്കം 48 ❖വില 2.00

# സത്യം കോൺഫ്രൻസ് സമാപിച്ചു



**കൊൽക്കത്ത:** സത്യം മിനിസ്ട്രീസിന്റെ ആഭിമുഖ്യത്തിൽ കിദർപൂർ സെന്റ് തോമസ് സ്കൂളിൽ വെച്ച് ആഗസ്റ്റ 14–16 വരെ ക്രിസ്ത്യൻ വർക്കേഴ്സ് കോൺഫറൻസും ഗുഡ്ന്യൂസ് ഫെസ്റ്റിവലും അനുഗ്രഹകരമായി നടന്നു. വിവിധ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കർത്തൃവേല ചെയ്തു കൊണ്ടിരിക്കുന്ന മൂവായിരത്തിൽപരം മിഷനറിമാരും പാസ്റ്റർമാരും സഭാ സംഘടനാ നേതാക്കളും സംബന്ധിച്ചു.

ആഗസ്റ്റ് 14 ന് രാവിലെ നടന്ന സമ്മേളനത്തിൽ സത്യം മിനിസ്ട്രീസ് ചെയർമാൻ ഡോ. സി. വി. വടവന കോൺഫറൻസ് ഉദ്ഘാടനം ചെയ്തു. തുടർന്നു നടന്ന സെമിനാറുകളിലും രാത്രിയിൽ നടന്ന ഗുഡ്ന്യൂസ് ഫെസ്റ്റിവലിലും സുപ്രസിദ്ധ സുവിശേഷ പ്രഭാഷകൻ റവ. ഡേവിഡ് മിൽസ് മുഖ്യപ്രഭാഷകനായിരുന്നു. കൂടാതെ വിവിധ സഭാ വിഭാഗങ്ങളിൽ നിന്നുള്ള ദൈവദാസന്മാർ വചനം ശുശ്രൂഷിക്കുകയും യോഗങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

മിഷനറി കോൺഫറൻസുകളും സുവിശേഷ യോഗങ്ങളും സാധാരണയായി നടക്കാത്ത കൊൽക്കത്ത നഗരത്തിന് ആയിരങ്ങൾ പങ്കെടുത്ത ഈ സമ്മേളനം അപൂർവ്വ അനുഭവമായിരുന്നു. രാത്രി യോഗങ്ങളിൽ വളരെ ആവേശത്തോടും ആത്മദാഹത്തോടും കൂടെയാണ് ജനം സംബന്ധിച്ചത്. അനേകർ കർത്താവിനുവേണ്ടി ജീവിതം സമർപ്പിക്കുകയുണ്ടായി.

സമ്മേളനത്തിന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദി സംഘാടകർ അറിയിക്കുന്നു.

# വൈ. എം. ഇ. എഫ്. ക്യാമ്പ് കുമളിയിൽ

**തേക്കടി:** വൈ. എം. ഇ. എഫിന്റെ എല്ലാ ഡിവിഷനുകളെയും ഉൾപ്പെടുത്തിക്കൊണ്ട് തേക്കടി ഹോളിഡേ ഹോമിൽ വെച്ച് 2008 സെപ്റ്റംബർ 9 മുതൽ 13 വരെ ജനറൽ ക്യാമ്പ് നടക്കുന്നു. ബൈബിൾ ക്ലാസ്സുകൾ, ക്യാരക്ടർ സ്റ്റഡി, പരസ്യയോഗങ്ങൾ, മിഷനറി സമ്മേളനം, ഗ്രൂപ്പ് പ്രാർത്ഥന, വചന ധ്യാനം, ബൈബിൾ ക്വിസ്, സുവിശേഷ റാലി, തുടങ്ങി വിവിധ പ്രോഗ്രാമുകൾ ക്രമീകരിച്ചിട്ടുണ്ട്. സഹോദരന്മാരായ വർഗീസ് കുര്യൻ, ജോസഫ് മധുരം, ചാണ്ടപ്പിള്ള ഫിലിപ്പ്, ജോസ് മാങ്കുടി, സജി വർഗീസ്, കെ. ബിജു, എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും. അറുനൂറോളം സഹോദരന്മാരെ ഈ ക്യാമ്പിലേക്ക് പ്രതീക്ഷിക്കുന്നുണ്ട്. ക്യാമ്പിന്റെ അനുഗൃഹീത നടത്തിപ്പിനു വേണ്ടി പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

# ഡോ. ഒ. എം. ശാമുവേൽ അമേരിക്കയിൽ



**പത്തനംതിട്ട:** പ്രശസ്ത അദ്ധ്യാപകനും പത്തനംതിട്ട ബ്രദറൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പാളുമായ ഡോ. ഒ. എം. ശാമുവേൽ അമേരിക്കൻ ഐക്യനാടുകളിൽ സന്ദർശനം നടത്തി വരുന്നു. വടക്കേ അമേരിക്കയിലെയും കാനഡായിലെയും വിവിധ സ്ഥലം സഭകളിൽ വിവിധ പ്രോഗ്രാമുകളിൽ പങ്കെടുക്കും. ദീർഘവർഷങ്ങൾക്കു മുമ്പ് അമേരിക്കയിൽ ഉപരിപഠനം നടത്തി തിരിച്ചെത്തിയ അദ്ദേഹം ഭാരതത്തിലെ വിവിധ ആത്മീയ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി വരുകയാണ്.

# എസ്.ബി.എസ് സ്പെഷ്യൽ ക്യാമ്പ് സമാപിച്ചു

**ചരൽക്കുന്ന്:** ഗൾഫ് നാടുകൾ, അമേരിക്ക, ഇതര രാജ്യങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള കുട്ടികൾക്ക് വേണ്ടി സുവിശേഷകൻ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ ജൂലൈ 30 മുതൽ ആഗസ്റ്റ് 2 വരെ ചരൽക്കുന്ന് ക്യാമ്പ് സെന്ററിൽ വെച്ച് നടത്തിയ ക്യാമ്പ് അനുഗ്രഹകരമായി സമാപിച്ചു. ശാമൂവേൽ ജോൺ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. "മുന്നമെ ദൈവത്തിന്റെ രാജ്യം അന്വേഷിക്ക" എന്ന തീമിനെ അടിസ്ഥാനമാക്കിയായിരുന്നു പ്രധാന സന്ദേശം. ആൽബർട്ട് സുനിൽ, ജോയി ജോൺ, ഡോ. ജോൺ ഏബ്രഹാം, ഏബ്രഹാം തോമസ് (കൊച്ചി), ഏബ്രഹാം തോമസ് (പുല്ലാട്), ഡോ. ജോൺസൺ സി. ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു.

കൂടിവന്നവർക്കെല്ലാം ഈ ക്യാമ്പ് വളരെ അനുഗ്രഹകരമായിരുന്നു. അടുത്ത ക്യാമ്പ് 2009 ജൂലൈ 29 മുതൽ ഓഗസ്റ്റ് 1 വരെ പുത്തൻകാവ് ക്യാമ്പ് സെന്ററിൽ വച്ച് നടത്താൻ തീരുമാനിച്ചു.

# സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങൾ സജീവമാക്കുന്നു

**പത്തനംതിട്ട:** സണ്ടേസ്ക്കൂൾ കമ്മറ്റിയുടെ, പത്തനംതിട്ട ഗോസ്പൽ ഹാളിൽ ചേർന്ന പൊതുയോഗം വിപുലമായ പ്രവർത്തന പദ്ധതികൾക്കു രൂപം നൽകി. ഡോ. ഒ. എം. ശാമുവേൽ യോഗത്തിൽ അദ്ധ്യക്ഷനായിരുന്നു. സണ്ടേസ്ക്കൂൾ കമ്മിറ്റിയുടെ പുതിയ പ്രസിഡന്റായി ഡോ. ഒ. എം. ശാമുവേലിനെ തെരഞ്ഞെടുത്തു.

വൈസ് പ്രസിഡന്റായി സി. വി. ശാമൂവേൽ (കുമ്പനാട്) , ജനറൽ കൺവീനറായി എം. സി. ജോർജ്ജ് (തൃശൂർ) എന്നിവരെ തിരഞ്ഞെടുത്തു. പ്രവർത്തന പരിപാടികൾ കൂടുതൽ വിപുലമാക്കാനുള്ള ലക്ഷ്യമാണ് പ്രധാനമായും ഉള്ളത്. മേഖലാ പ്രവർത്തനങ്ങളുടെ ക്രോഡീകരണം, അദ്ധ്യാപക സമ്മേളനങ്ങൾ വിവിധ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ ലക്ഷ്യത്തോടെയുള്ള പ്രവർത്തന പദ്ധതികളാണ് യോഗം ക്രമീകരിച്ചിരിക്കുന്നത്. സൺ ഡേസ്ക്കൂൾ അദ്ധ്യാപകരുടെയും, സഭാ ശുശ്രൂഷകരുടെയും സഹായസഹകരണങ്ങളും ദൈവജനത്തിന്റെ വിലയേറിയ പ്രാർത്ഥനയും സണ്ടേസ്ക്കൂൾ കമ്മറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്. ഫിബയുടെയും എസ്. ബി. എസിന്റെയും ആഭിമുഖ്യത്തിൽ ഇതര ഇന്ത്യൻ ഭാഷകളിലേക്കുള്ള സണ്ടേസ്ക്കൂൾ പുസ്തകങ്ങളുടെ തർജ്ജമയും നടന്നുകൊണ്ടിരിക്കുന്നു. ഹിന്ദിയിലുള്ള രണ്ട് സണ്ടേസ്ക്കൂൾ പുസ്തകങ്ങൾ ഇതിനോടകം തയ്യാറായിക്കഴിഞ്ഞു.

സത്യം പബ്ലിക്കേഷൻസ് പുസ്തകശാല

5% മുതൽ 70% വരെ വിലക്കിഴിവ്



8000 ച. അടി വിസ്തീർണ്ണത്തിൽ അതിവിശാലമായ പുസ്തകശാല

അക്ഷരഖനി

സത്യകൂടാരം, തിരുവല്ല

ബുക്ക് ക്ലബ്ബ് അംഗങ്ങൾക്ക് പ്രത്യേക വിലകിഴിവ്

Sathyam Publications

Thottabhagom P.O, Thiruvalla - 689 541, Kerala, S. India.
Tele/Fax: 0469 - 2619657, 2619209, 2619005
Mobile: 9447126182, 9446026182
E-Mail: satyam_india@yahoo.com, office@truthintl.org
Web Site: www.truthintl.org

## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
സി. വി. വടവന
എ. വി. ജോൺ
ജിജോ അങ്കമാലി
എ. സി. ജോസഫ്
(സബ് എഡിറ്റർ)
പി. എം. ഏബ്രഹാം
ഈ. എസ്. റെജി

സർക്കുലേഷൻ:
മേരിക്കുട്ടി പി.ജെ.

വിദേശപ്രതിനിധികൾ:

**യു.എസ്.എ**

ന്യൂയോർക്ക്
എ. ജോൺ ബേബി
845 352 3626

ടെക്സാസ്
മാത്യു തോമസ്
281-397-6923

ഡാളസ്
എഡ്വിൻ ജോസഫ്
972 487 2000

മിനിസോട്ടാ
വർഗീസ് പി.വർഗീസ്
651 686 9797

ഡിട്രോയിറ്റ്
കെ.സി. ജോൺസൺ
248 528 9128

ചിക്കാഗോ
താരു വർഗീസ്
630 910 4148

ഹൂസ്റ്റൺ
രാജൻ മാത്യു
281 443 0060

**ബഹ്റിൻ**
ജെ. ഡി. പോൾ
714 431

**യു.എ.ഇ**
അബുദബി
ബിജോയ് ജോൺസ് ജോർജ്
050 - 5313382

**ഷാർജ**
സി. എം. ജേക്കബ്
050-634 6356

## ജീവവചനം

*ഏറ്റവും പ്രചാരമുള്ള ബ്രദറൺ വാർത്താ വാരിക*

വാർഷിക വരിസംഖ്യ
ഇൻഡ്യയിൽ 50 രൂപ
ആയുഷ്ക്കാല വരിസംഖ്യ 500 രൂപ
USA $ 25
മറ്റു രാജ്യങ്ങൾ 600 രൂപ

**വിലാസം**
ജീവവചനം
സത്യം മിനിസ്ട്രീസ്
തോട്ടഭാഗം പി.ഒ.
തിരുവല്ല - 689 541
ഫോൺ: 0469-2619209
ഫാക്സ്: 0469-2619005

US Address
Sathyam Ministries
P.O. Box. 1088
LA Mirada,
CA-90637
Tel: 562 477 1211

WWW. Truthintl. org


തലക്കുറി

# വില വർദ്ധനവ്! മക്കദോന്യ സഭകളും വർദ്ധിക്കട്ടെ!

**വി**ല വർദ്ധനവ് ഒരു ആഗോളപ്രതിഭാസമാണിന്ന്. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ് മനുഷ്യന്റെ സാധാരണ ജീവിതക്രമങ്ങളെ ഏറെ ബാധിച്ചിരിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന, യാത്രാനിരക്ക് വർദ്ധന.... ഇങ്ങനെ മനുഷ്യരെ, വില വർദ്ധനവ് ഏറെ ഗുരുതരമായ ഒരു സ്ഥിതിവിശേഷത്തിലേക്കാണ് ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്നത്. ജീവിതചിലവ് വർദ്ധിച്ചുവെങ്കിലും അതിനനുസരിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നില്ലെന്നതും ഏറെ ശ്രദ്ധേയമാണ്.

വില വർദ്ധനവിനെ തുടർന്നുള്ള സാമ്പത്തിക തകർച്ച ആത്മികരംഗത്തെ ബാധിക്കുമെന്നതിന് തർക്കമില്ല. സുവിശേഷപ്രവർത്തനങ്ങൾ, സഭാഹാൾ നിർമ്മാണം എന്നീ കാര്യങ്ങൾക്കൊക്കെ പണം ആവശ്യമാണ്. ദൈവജനത്തിന്റെ ഔദാര്യമായ ദാനങ്ങളാണ് സുവിശേഷപ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമാകുന്നത്. ലോകത്തിന്റെ അനേകം ഭാഗങ്ങളിൽ ഭൗതിക ജോലിയിൽ ആയിരിക്കുന്ന ദൈവമക്കളുടെ സഹായങ്ങൾ പരോക്ഷമായെങ്കിലും ആത്മാക്കളുടെ രക്ഷയ്ക്ക് കാരണമാകുന്നുണ്ട്. അനേകം സഭാഹാളുകളുടെ നിർമ്മാണങ്ങൾക്ക് നിർലോഭമായ സഹായങ്ങൾ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്ന മലയാളി സഹോദരങ്ങൾ നൽകുന്നുണ്ട്. വില വർദ്ധനവ് എന്ന ആഗോളപ്രതിഭാസം അവരെയും ഏറെ ബാധിച്ചിരിക്കുന്നു.

സുവിശേഷപ്രവർത്തനങ്ങൾക്ക് പണം ആവശ്യമാണെങ്കിലും മുഖ്യഘടകം അതല്ല; അതായിരിക്കരുത്. മക്കദോന്യ സഭകളുടെ മനോഭാവമാണ് ഇന്നത്തെ സഭകൾക്ക് ആവശ്യമായിരിക്കുന്നത്. "കഷ്ടത എന്ന കഠിന ശോധനയിൽ ആയിരുന്നിട്ടും അവരുടെ സന്തോഷസമൃദ്ധിയും മഹാദാരിദ്ര്യവും ധാരാളം ഔദാര്യം കാണിപ്പാൻ കാരണമായിത്തീർന്നു ..... പ്രാപ്തിപോലെയും പ്രാപ്തിക്കുമീതെയും സ്വമേധയായി കൊടുത്തു." (2 കൊരി. 8:1-4). ഫിലിപ്പ്യ സഭകളുടെ നല്ല മനോഭാവത്തെക്കുറിച്ച് പിന്നീടും പൗലൊസ് പ്രസ്താവിച്ചിട്ടുണ്ട്. (ഫിലി. 4:15).

മഹാദാരിദ്ര്യത്തിലായിരുന്നവരാണ് ധാരാളം ഔദാര്യം കാണിച്ചത്. അവരുടെ ഹൃദയം ദരിദ്രമല്ലായിരുന്നുവെന്നതാണ് ഇതിനു കാരണം. സഭാഹാൾ നിർമ്മാണം, രോഗം, ഭവനനിർമ്മാണം, വിവാഹ സഹായം എന്നീ ആവശ്യങ്ങൾക്കുള്ള അഭ്യർത്ഥനകൾ കണ്ടിട്ടുണ്ട്.

സാമ്പത്തികമായി ഏറെ ഉയർന്ന അനേകം കുടുംബങ്ങൾ അംഗങ്ങളായുള്ള ചില സ്ഥലം സഭകളും ഇത്തരം അഭ്യർത്ഥനകൾ പുറപ്പെടുവിക്കാറുണ്ട്. മക്കദോന്യരുടെ ഹൃദയം ഈ പ്രിയപ്പെട്ടവർക്കില്ലാത്തതുകൊണ്ടാണ് ചെറിയ കാര്യങ്ങൾക്കുവേണ്ടിപ്പോലും മറ്റുള്ളവരുടെ സഹായം തേടേണ്ടിവരുന്നത്.

മക്കദോന്യ സഭകൾ വർധിക്കട്ടെ. സഭാഹാൾ നിർമ്മാണം പോലെയുള്ള നമ്മുടെ ആവശ്യങ്ങളിൽ ആദ്യം നമ്മുടെ പ്രാപ്തിക്കുമീതെ നാം ദാനം ചെയ്യുക. അതിനുശേഷം മാത്രം മറ്റുള്ളവരെ സമീപിക്കുക. ശമര്യക്കാരന്റെ ഉപമയിലെ കള്ളന്റെ മനോഭാവം "നിന്റേതെല്ലാം എനിക്കുവേണം" എന്നതായിരുന്നു. പുരോഹിതനും ലേവ്യനും "എന്റേതെല്ലാം എനിക്കു മാത്രം" എന്ന മനോഭാവക്കാരായിരുന്നു. എന്നാൽ ശമര്യന്റെ മനോഭാവം "എനിക്കുള്ളത് നിനക്കും കൂടിയുള്ളതാണ്" എന്നതായിരുന്നു. ഈ മനോഭാവമാണ് ഇന്നത്തെ സഭാവിശ്വാസികൾക്ക് ഉണ്ടായിരിക്കേണ്ടത്. നമ്മുടെ സമ്പത്ത് ദൈവദാനമാണെങ്കിൽ അത് ആത്മിക കാര്യങ്ങൾക്കും നൽകുവാൻ തയ്യാറാകണം. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന വിശ്വാസികൾപോലും സഭയുടെ ഭൗതിക ആവശ്യങ്ങളിൽ തങ്ങളുടെ പ്രാപ്തിക്കുമീതെ നൽകുവാൻ തയ്യാറാകണം. ഈ നല്ല മനോഭാവം ദൈവജനത്തിനുണ്ടെങ്കിൽ നാം ചോദിക്കുന്നതിനെക്കാളും, നിനെക്കുന്നതിനെക്കാളും അത്യന്തം പരമായി അവൻ നമ്മുടെ സ്ഥലം സഭകളുടെ ആവശ്യങ്ങൾ നിർവ്വഹിക്കും. മക്കദോന്യ സഭകൾ വർധിക്കട്ടെ.

**പി. എം. ഏബ്രഹാം**

സഹോദരിമാരോട്

# കൈപ്പുള്ള വേര്



**എൽസി ബേബി**

"**നി**ങ്ങളാരും ദൈവകൃപ വിട്ട് പിന്മാറുകയും വല്ല കൈപ്പുള്ള വേരും മുളച്ച് കലക്കമുണ്ടാക്കി അനേകർ അതിനാൽ മലിനപ്പെടുകയും അരുത്" (എബ്രാ. 12:14-16). ഒരു വൃക്ഷത്തിന്റെ ബലവും ഫലവും അതിന്റെ വേരിനെയാണല്ലൊ ആശ്രയിച്ചിരിക്കുന്നത്. കാഞ്ഞിരം എന്ന വൃക്ഷത്തിന്റെ ഫലം എത്ര കൈപ്പേറിയതാകുന്നു. ചില വൃക്ഷത്തിന്റെ കായ് വിഷം നിറഞ്ഞ നഞ്ചു പോലെ മാരകമാകുന്നു. ഭൂമിക്കടിയിലേക്ക് വളരുന്ന വേരുകൾ സാധാരണ ആരും കാണുന്നില്ല. എന്നാൽ വേരു നല്ലതായാൽ മാത്രമെ വൃക്ഷവും നന്നായിരിക്കുകയുള്ളൂ. അതുപോലെ തന്നെ മനുഷ്യഹൃദയം പോലെ ഇരിക്കും അവന്റെ പ്രവർത്തികളും. കൃപയാലെ വിശ്വാസം മൂലം ദൈവമക്കളായി വീണ്ടും ജനിച്ചവർ പൂർണ്ണമായി ദൈവകൃപയിൽ ആശ്രയിച്ചും ദൈവത്തിലുള്ള പൂർണ്ണ വിശ്വാസത്തിലും വേണം ജീവിക്കുവാൻ. അവർ ക്രിസ്തുവിൽ വേരൂന്നിയും ആത്മിക വർദ്ധനവു പ്രാപിച്ചും ക്രിസ്തുവിൽ വസിച്ചും ക്രിസ്തുവിൽ നിന്നുള്ള ഫലം പുറപ്പെടുവിക്കുന്നു. പരിശുദ്ധാത്മാവിന്റെ ഫലം സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം, എന്നിവ നിറഞ്ഞ മാധുര്യമേറിയ ഫലമാകുന്നു. ഇവയ്ക്കു വിപരീതമായിരിക്കും കൈപ്പുള്ള വേരിൽ നിന്നുള്ള ഫലങ്ങൾ. ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് അന്യദേവന്മാരിലേക്ക് തിരിയുന്നവരെക്കുറിച്ച് "നഞ്ചും കൈപ്പുമുള്ള ഫലം കായ്ക്കുന്ന യാതൊരു വേരും നിങ്ങളിൽ അരുത് എന്ന് ദൈവം തന്റെ ജനത്തോടെ കല്പ്പിച്ചിരിക്കുന്നു (ആവ. 29:17, 18). അന്യദൈവങ്ങളിലേക്ക് തിരിയുന്നവർക്ക് ലഭിക്കുന്നത് തിന്മകൾ നിറഞ്ഞതും, പൈശാചികങ്ങളായ സ്വഭാവങ്ങളുമാകുന്നു. ദൈവകൃപ ലേശമില്ലാത്ത ഇരുട്ടിന്റെ പ്രവർത്തികൾ. "ജീവനുള്ള ദൈവത്തെ ത്യജിച്ചുകളയാതിരിക്കേണ്ടതിന് അവിശ്വാസമുള്ള ദുഷ്ടഹൃദയം നിങ്ങളിൽ ആർക്കും ഉണ്ടാകാതിരിപ്പാൻ നോക്കുവിൻ" (എബ്രാ. 3:12, 13). ആദ്യ വിശ്വാസം വിട്ടുകളഞ്ഞ് ദൈവകൃപയിൽ ആശ്രയിക്കാതെ ലൗകികവും ഭൗമികവുമായ വിഷയങ്ങളിൽ ശ്രദ്ധപതിപ്പിക്കുമ്പോഴാണ് കൈപ്പും നഞ്ചുമുള്ള വേര് ഹൃദയങ്ങളിൽ മുളപൊട്ടുന്നത്. ക്രമേണ അതു വളർന്ന് ഹൃദയം നിറയുന്നു. പുറമേ കാണുന്നവർക്ക് നല്ലവരെന്നേതോന്നു. പക്ഷേ, അവരുടെ ഫലങ്ങളിൽ നിന്നും പ്രവർത്തികളിൽ നിന്നും അവ വെളിപ്പെടുന്നു.

"കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന് ആവശ്യം പോലെ ആത്മിക വർദ്ധനവിനായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടരുത്". ദൈവമക്കളുടെ ഹൃദയത്തിൽ ക്രിസ്തുവിന്റെ പരിശുദ്ധാത്മാവ് ആവസിക്കുന്നു. നമ്മിൽ ഏതെങ്കിലും കൈപ്പിന്റെ വേരു മുളച്ചാൽ അതു ഉടനെ തന്നെ പിഴുതുകളയണം. ഭാര്യമാരോടു കൈപ്പായിരിക്കരുതെന്ന് തിരുവചനം ഉണ്ട്. ഭാര്യമാർ ഭർത്താക്കന്മാരോടും, മാതാപിതാക്കൾ മക്കളോടും, മക്കൾ മാതാപിതാക്കളോടും സഹോദരങ്ങളോടും അങ്ങോട്ടുമിങ്ങോട്ടും ഒരു കാരണവശാലും കൈപ്പായിരിക്കാൻ പാടില്ല. ഏതെങ്കിലും കൈപ്പിന്റെ അനുഭവം ഹൃദയത്തിൽ ഉണ്ടായാൽ അതു വളരുവാൻ അനുവദിക്കരുത്. അനുവദിച്ചാൽ ഉണ്ടാകാവുന്ന ദോഷം നാം ചിന്തിക്കുന്നതിനെക്കാൾ വലുതും അപകടകരവുമാകുന്നു. 'കൈപ്പ്' പാപമാകുന്നു. അതു സാത്താന്റെ സ്വഭാവമാകുന്നു. ദൈവമക്കളുടെ ഹൃദയങ്ങളിൽ അതിന്റെ വിത്തു പാകുവാൻ അവൻ തക്കം നോക്കി നടക്കുകയാണ്. നിസാരകാരണം മതി അതു വളരാൻ. നല്ല വിത്തിന്റെ ഇടയിൽ കള വിതെക്കുന്നതു പോലെ തന്നെ. നാമറിയാതെ നമ്മിലത് എത്ര വേഗമായിരിക്കും വളരുന്നതെന്ന് ഊഹിക്കാവുന്നതിലധികം. നിരന്തരമായ തിരുവചനപഠനവും ധ്യാനവും, ഹൃദയം കർത്തൃപാദത്തിൽ വച്ചു പരിശോധിച്ച് ആകാത്ത സ്വഭാവങ്ങളെയൊക്കെ ഏറ്റു പറഞ്ഞുപേക്ഷിച്ചും പരിശുദ്ധാത്മ നിറവിൽ ജീവിക്കുവാൻ നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ കർത്താവുമായി നിരന്തരബന്ധം പുലർത്തിക്കൊണ്ടിരിക്കുക. അവൻ നമ്മെ പരിശോധിക്കട്ടെ. പരിശുദ്ധാത്മാവ് നമുക്ക് ബോദ്ധ്യപ്പെടുത്തി തരുമ്പോൾ അനുസരിക്കുക. പ്രിയ മിത്രങ്ങളെ, ആരോടെങ്കിലും ഏതെങ്കിലും വിധത്തിലുള്ള കൈപ്പിന്റെ അനുഭവം മനസിലുണ്ടെങ്കിൽ ഇന്നുതന്നെ അതുനീക്കി ശുദ്ധീകരണം പ്രാപിക്കുക. എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല എന്നോർക്കുക. ദൈവകൃപ വിട്ടുമാറാതിരിക്കുക. കൈപ്പുള്ളി ടത്തു ദൈവകൃപയുണ്ടാകയില്ല എന്നോർക്കുക!!



എം.വി. തോമസ്
അടൂർ

# എബ്രായ ലേഖനം ഒരു പഠനം - 12

## അധ്യായം 2 തുടർച്ച

എബ്രായലേഖനം മറ്റേതു ലേഖനങ്ങളിൽ നിന്നു പ്രത്യേകത പുലർത്തുന്നതിന്റെ പ്രധാന കാരണം, ക്രിസ്ത്രീയ വിശ്വാസം യെഹൂദ മതത്തിനും ആചാരങ്ങൾക്കും അതീതമായി നിലകൊള്ളുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. പിതാവും പുത്രനും തമ്മിലുള്ള ബന്ധം സ്ഥിതിചെയ്യുന്നത്, പിതാവ് എന്തെല്ലാം ചെയ്യുന്നുവോ എന്തിനെല്ലാം അധികാരിയായിരിക്കുന്നവോ അതെല്ലാം പുത്രനും ചെയ്യുകയും അധികാരിയായിരിക്കുകയും ചെയ്യുകയെന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ്. "പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രനു സ്വതവെ ഒന്നും ചെയ്യാൻ കഴിയുകയില്ല. അവൻ ചെയ്യുന്നതെല്ലാം പുത്രനും അവ്വണ്ണം തന്നെ ചെയ്യുന്നു". പുത്രൻ എല്ലാം പിതാവിൽ നിന്ന് ചെയ്യുന്നു (യോഹ. 5:19). ഇവിടെ "അവകാശി" എന്നുള്ളതിനാൽ ഉദ്ദേശിക്കുന്നത്, ക്രിസ്തുവിന്റെ ഉടമസ്ഥത്വം ആണ്. സകലത്തിന്റെയും അവകാശിയും ഉടമസ്ഥനും ക്രിസ്തുവാണ്.

"അവകാശിയാക്കിവെച്ചു" എന്നുള്ള പ്രയോഗത്താൽ ഇല്ലാത്തതൊന്നു ലഭിച്ചെന്നുള്ള അടിസ്ഥാനത്തിലല്ല, പ്രത്യുത, ലോകസ്ഥാപനത്തിനു മുമ്പ് ദൈവീകപദ്ധതിയിൽ ഉണ്ടായിരുന്ന രക്ഷണ്യ പ്രവൃത്തി ത്രിത്വത്തിൽ രണ്ടാമനായ കർത്താവായ യേശുക്രിസ്തു ജഡാവതാരമെടുത്തു വന്നു നിവർത്തിച്ചതിന്റെ അടിസ്ഥാനത്തിലാണ്. ഇതേ ആശയത്തിൽ വേണം ഫിലി. 2:9 പറഞ്ഞിരിക്കുന്ന 'അതുകൊണ്ടു ദൈവവും അവനെ ഉയർത്തി സകലനാമത്തിനും മേലായ നാമം നൽകി' എന്ന വസ്തുതയും മനസ്സിലാക്കുവാൻ. ഇത് ലോകസ്ഥാപനത്തിനു മുമ്പു തന്നെ താൻ ഏറ്റെടുക്കുവാൻ പോകുന്ന ദൗത്യത്തിന്റെ പ്രതിഫലമായി ദൈവം പ്രഖ്യാപിച്ചതാണ്. തല ചായ്ക്കുവാൻ ഈ ലോകത്തിൽ ഒരു സ്ഥലവും ഇല്ലാതിരുന്ന തന്റെ പ്രിയപുത്രനു സകലത്തിലും അവകാശി എന്ന പ്രതിഫലം നൽകി. 'സൈന്യങ്ങളുടെ യഹോവ നിർണ്ണയിച്ചിരിക്കുന്നു; അതു ദുർബ്ബലമാക്കുന്നവൻ ആർ? (യെശ. 14:27) പഴയനിയമ പ്രവചനങ്ങളിൽ യേശുക്രിസ്തുവിനെ പിതാവാം ദൈവം അവകാശിയാക്കി വെക്കുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. 'ഞാൻ അവനെ ആദ്യജാതനും ഭൂരാജാക്കന്മാരിൽ ശ്രേഷ്ഠനുമാക്കും' (സങ്കീ. 89:27) തിരുവചനപ്രകാരം 'ആദ്യജാതൻ' എന്നുള്ളത് ആദ്യമെ ജനിച്ചത് എന്നർത്ഥത്തിലല്ല മിക്കഭാഗത്തും കാണുന്നത്. പ്രത്യുത, പദവിയെയും അവകാശത്തോടുമുള്ള ബന്ധത്തിലാണ് (ഉല്പ. 49:3). യേശുക്രിസ്തുവിന്റെ കാലത്ത് ജീവിച്ചിരുന്ന യഹൂദാജനത്തിന്റെ ചിന്താഗതി മർക്കോ. 12:7–ൽ ശ്രദ്ധിക്കുക. "ഇവൻ അവകാശിയാകുന്നു; വരുവീൻ; നാം ഇവനെ കൊല്ലുക; എന്നാൽ അവകാശം (Inheritance) നമുക്കാകും."

**അവനെ സകലത്തിലും അവകാശിയാക്കിവെച്ചു–** ഇവിടെ മറ്റൊരു കാര്യം വ്യക്തമാകുന്നത്. ഇതിന്റെ പൂർണ്ണത ഭാവിയിൽ നടക്കുവാൻ പോകുന്നതേയുള്ളൂ. എന്നാൽ ഇതിന്റെ പ്രഖ്യാപനം ഉയർത്തെഴുന്നേറ്റ കർത്താവു തന്നെ നടത്തി. അവൻ തന്റെ ശിഷ്യന്മാരോടു പറയുന്നത് "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു". (മത്താ. 28:18) നൽകപ്പെട്ടിരിക്കുന്നു (Given) എന്ന പ്രയോഗം പ്രത്യേകം ശ്രദ്ധിക്കണം. സങ്കീ. 2:7, 8 ഒരു നിർണ്ണയം (അതായത് നിയോഗം, നിയമനം – Appointment) ഞാൻ പ്രസ്താവിച്ചിരിക്കുന്നു; 'നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. എന്നോടു ചോദിച്ചുകൊൾക; ഞാൻ നിനക്ക് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും'. ഈ ഉടമസ്ഥതയും അവകാശവും നമ്മുടെ കർത്താവിനു ലഭിക്കുവാൻ പോകുന്നത് – അവൻ തേജസ്സിന്റെ സിംഹാസനത്തിൽ ഇരുന്ന് സകലജാതികളെയും തന്റെ മുമ്പാകെ കൂട്ടുമ്പോഴാണ് (മത്താ. 25:31, 32). മശിഹാ ഭരണത്തിൽ അഥവാ ആയിരമാണ്ടു വാഴ്ചയിൽ ഇത് പൂർണ്ണമായി സംഭവിക്കുവാൻ പോകുന്നു.

നമ്മുടെ ആരാധ്യപുരുഷനായ യേശുക്രിസ്തു! അവിടുത്തെ മഹത്വം എത്ര വലുത്. നമുക്കുവേണ്ടി ദരിദ്രനായി ത്തീർന്നപ്പോൾ അവന് എന്തുണ്ടായിരുന്നു. ക്രൂശല്ലാതെ തല ചായ്ക്കുവാൻ അവനു ഒരിടമില്ലായിരുന്നു. അവനു ആകെപ്പാടെ ഉണ്ടായിരുന്ന അങ്കിപോലും ദുഷ്ടന്മാർ പകുത്തെടുത്തു. അരിമത്ഥ്യയിലെ യോസേഫിന്റെ കല്ലറയാണ് അവനു ലഭിച്ചത്. ഈ ലോകത്തിൽ അവനെപ്പോലെ ആരുണ്ടായിരുന്നു. എന്നാൽ അവന്റെ ഉയിർത്തെഴുന്നേൽപ്പിലൂടെ എല്ലാം അവന്റേതായി അവനായിട്ടു സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

---

**പ്രസംഗക്കുറിപ്പുകൾ** സി. വി. വടവന

### 8 അടയാളങ്ങൾ

| | | |
|---|---|---|
| 1 | കയീനു വിടുതലിന്റെ അടയാളം | ഉല്പ. 4:15 |
| 2 | മഴവില്ല് വാഗ്ദത്തത്തിന് അടയാളം | ഉല്പ. 9:13 |
| 3 | പരിച്ഛേദന നിയമത്തിന് അടയാളം | ഉല്പ. 17:11 |
| 4 | വീടുകളിന്മേൽ രക്തം അടയാളം | പുറ. 12:13 |
| 5 | ശബ്ബത്തു നിത്യ സ്വസ്ഥതയ്ക്ക് അടയാളം | എബ്രാ. 4:3 |
| 6 | വടി മത്സരികൾക്ക് അടയാളം | സംഖ്യാ. 17:10 |
| 7 | കന്യകാ ജനനം കർത്താവിന് അടയാളം | യെശ. 7:14 |
| 8 | ശത്രുക്കളുടെ കൊടി നാശത്തിനടയാളം | സങ്കീ. 74:4 |

---

**ചിന്താശകലം**

## തൈലത്തിന്റെ സൗരഭ്യം

പരിമളതൈലം നിർമ്മിക്കുന്ന വ്യവസായശാലയിലെ രണ്ടു ജോലിക്കാർ ജോലികഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. അപ്പോൾ വഴിയരികിൽ സന്ധ്യാരാധനയിൽ സംബന്ധിച്ച് ഭവനങ്ങളിലേക്ക് പോകാമെന്ന് സ്നേഹിതർ തീരുമാനിച്ചു. ആരാധന തുടങ്ങിയതിനാൽ അവർ ഏറ്റവും പുറകിലുള്ള സീറ്റുകളിലായിരുന്നു. അത്ഭുതമെന്നു പറയട്ടെ; മുമ്പിലിരുന്നവർ പുറകിലേക്ക് തിരിഞ്ഞു നോക്കാൻ തുടങ്ങി. കാരണമെന്ത്? അവർ ജോലിചെയ്തുകൊണ്ടിരുന്നപ്പോൾ ശരീരത്തിൽ പുരണ്ട തൈലത്തിന്റെ സൗരഭ്യം അന്തരീക്ഷത്തിൽ പരന്നതുതന്നെ. പരിമളം രഹസ്യമായി സൂക്ഷിക്കാൻ സാദ്ധ്യമല്ലല്ലോ. ഒരു യഥാർത്ഥ ദൈവപൈതലിൽ നിന്ന് അവൻ അറിയാതെ തന്നെ സൗരഭ്യം പുറപ്പെട്ടുകൊണ്ടിരിക്കും.

**റ്റി.വി. സാംകുട്ടി**

---

**വിചിന്തനം**

## ദൈവത്തിന്റെ ദീർഘക്ഷമ

**സി. എച്ച്. സ്പർജൻ**

അത്യധ്വാനം ചെയ്താലും തങ്ങളുടെ ശരീരത്തേയും പ്രാണനെയും നിലനിർത്തുവാൻ മാത്രമുള്ള ആഹാരം കഷ്ടിച്ച് സമ്പാദിക്കുവാൻ കഴിയുന്ന ദരിദ്രന്റെ ഞെരുക്കത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നീതിമാനായ ദൈവം എങ്ങനെ അതിനെ അനുവദിക്കുന്നു. മനുഷ്യൻ മനുഷ്യനെ പീഡിപ്പിക്കുന്നത് – മനുഷ്യന് മനുഷ്യനോടുള്ള ക്രൂരതപോലെ വന്യമൃഗങ്ങൾക്ക് പോലുമില്ല. യഹോവയുടെ വാൾ അതിന്റെ ഉറയിൽ ജ്വലിക്കുന്നുണ്ടെന്നും എന്നാൽ അവൻ അതിനെ അമർത്തിയിട്ട് യഹോവയുടെ വാളെ മനനമടക്കി അടങ്ങിയിരിക്ക എന്ന് അതിനോട് പറയുന്നുണ്ടെന്നും അവൻ വിചാരിക്കുന്നു.

ദുരുപായോഗങ്ങളിൽ ഉൾക്കൊണ്ടിരിക്കുന്ന പാപത്തെക്കുറിച്ച് ചിന്തിക്കുക. സംറോവയിൽ പീലാത്തോസിന്റെ കോവണിപ്പടിയുടെ ചുവട്ടിൽ നിന്ന് സാധുക്കൾ മുട്ടുകുത്തി അതിൽക്കൂടി കയറുകയും ഇറങ്ങുകയും ചെയ്യാറുണ്ട്. കർത്താവ് പീലാത്തോസിന്റെ മുമ്പാകെ നിന്നത് ഈ കോവേണിമേൽ ആയിരുന്നു എന്നാണ് അവരെ പഠിപ്പിക്കുന്നത്. പല പട്ടക്കാരും അത് നോക്കിനിൽക്കുന്നുണ്ട്. അതു വെറും കപടമാണെന്ന് അവർക്കറിയാമായിരുന്നു.കർത്താവ് തന്റെ ഇടിമിന്നലുകളെ ഒരഞ്ചുമിനിറ്റ് നേരത്തേക്ക് എനിക്ക് വായ്പതന്നിരുന്നുവെങ്കിൽ ഇവയൊക്കെയും ശുദ്ധീകരിക്കാമായിരുന്നു എന്ന് ഞാൻ വിചാരിച്ചു. എന്നാൽ അങ്ങനെയൊന്നും സംഭവിച്ചില്ല. നമുക്കുള്ള ബദ്ധപ്പാട് അവനില്ല. ചില സമയങ്ങളിൽ തീക്ഷണത നിമിത്തം നമുക്ക് തോന്നാറുണ്ട്, പാപത്തോട് ഉടനടി ഇടപെടേണ്ടതായിരുന്നു എന്ന്. എന്നാൽ കർത്താവ് ക്ഷമയും സഹതാപവുമുള്ളവനായിരിക്കുന്നു.

അടുത്തതായി ചില പ്രത്യേക ആളുകളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ ദീർഘക്ഷമ നോക്കുക. ഒരേ പാപം തന്നെ ചിലരിൽ, മറ്റുചിലരിൽ ഉള്ളതിനേക്കാൾ വലുതായി കാണപ്പെടുന്നു. നല്ല പരിശീലനമുള്ളവരും ആർദ്രമനസാക്ഷിയുള്ളവരുമായ ചിലർ വളരെ പ്രതികാര ബുദ്ധിയോടെ പാപം ചെയ്യുന്നു. ദൈവത്തിന്റെ യാഗപീഠത്തിന്റെ സമീപം നിൽക്കുന്നവർ ദേവാലയത്തിൽ നിന്നു ഇറങ്ങിയ വഴിയെ തന്നെ അകൃത്യം ചെയ്യുന്നു. അവർ അവന്റെ വിശുദ്ധസ്ഥലത്തെ ലേവ്യരായിരുന്നവരാണ്. എന്നിട്ടും ദുർവൃതിയിൽ മുമ്പരായിത്തീരുന്നു. എന്നിട്ടും കർത്താവ് ആ ദ്രോഹികളെ ജീവിക്കാൻ അനുവദിക്കുന്നു.

ചില ആളുകൾ പാപം ചെയ്യുന്ന പ്രത്യേക പരിതസ്ഥിതികൾ കാണുമ്പോഴും ദൈവത്തിന്റെ ദീർഘക്ഷമ അത്ഭുതാവഹമായിത്തോന്നാറുണ്ട്. പരീക്ഷിക്കപ്പെടാത്തപ്പോഴും സാഹചര്യങ്ങൾ പ്രേരണ നൽകാത്തപ്പോഴും ചില ആളുകൾ മനഃപൂർവ്വം പാപം ചെയ്യുന്നു. ഒരു ദരിദ്രൻ മോഷ്ടിക്കുന്നുവെങ്കിൽ നാം അവനോടു ക്ഷമിക്കുന്നു. കഷ്ടതയുടെ പാരമ്യത്തിൽ എത്തിയവർ നേരുകേട് സംസാരിച്ചാൽ നാം പകുതിയും ക്ഷമിക്കുന്നു. എന്നാൽ യാതൊരു ലാഭമോ ആദായമോ ഇല്ലാതെ തന്നെ ചിലർ മനഃപൂർവ്വം ഭോഷ്ക്കു സംസാരിക്കുന്നവരാണ്.

കൾട്ട് – 7

# ദുരുപദേശ സംഘടനകൾ

ഡോ. സി.വി.വടവന

### കൃപയാലുള്ള നീതീകരണ നിഷേധം

“കൃപയാലുള്ള നീതികരണം” എന്ന വിലയേറിയ ഉപദേശ വിഷയം ക്രിസ്ത്യാനിത്വത്തെ ഒരു മതത്തിലും തത്വശാസ്ത്രത്തിലും ദുരുപദേശ സംഘടനകളിലും വെച്ച് ശ്രേഷ്ഠവും, നിസ്തുല്യവുമായ ഒന്നാക്കിത്തീർക്കുന്നു. റോമൻ അടിമത്തത്തിലായിരുന്ന ലക്ഷക്കണക്കിന് അടിമകളെ വിടുവിച്ചത് പുനരുദ്ധരിക്കപ്പെട്ട ഈ ഉപദേശമാണ്. ദൈവനിയോഗ വിയോജിത പ്രസ്ഥാനത്തിന് രൂപം നൽകിയത് ഈ അനുഗ്രഹീതമായ ഉപദേശവിഷയമാണ്. എന്നാൽ ദുരുപദേഷ്ടാക്കൾ ഈ ഉപദേശത്തെ തള്ളിക്കളയുകയും അടിച്ചമർത്തുകയും ചെയ്യുന്നു.

“കൃപയാലുള്ള നീതികരണം” ഒരു പാപിയായ വ്യക്തിയുടെ പ്രത്യേകമായ കഴിവുകളെയോ സൽപ്രവൃത്തികളെയോ അടിസ്ഥാനപ്പെട്ടല്ല ഇരിക്കുന്നത്. യേശുക്രിസ്തുവിൽ അവൻ വിശ്വാസം അർപ്പിക്കുമ്പോൾ ദൈവം അവനെ നീതിമാനായി പ്രഖ്യാപിക്കുകയാണ്. ദൈവത്തിന്റെ കരുണാധിക്യപ്രകാരം കൃപയാൽ മാത്രം ലഭിക്കുന്ന ദൈവീക ദാനമാണ് “കൃപയാലുള്ള നീതികരണം”. മനുഷ്യമനസ്സിനെ നിയന്ത്രിക്കുവാൻ തങ്ങൾ ഉപയോഗിക്കുന്ന തന്ത്രങ്ങളെ ഈ ഉപദേശം പ്രതികൂലമായി ബാധിക്കുന്നതിനാൽ ദുരുപദേഷ്ടാക്കന്മാർ ഇതിനെ അടിച്ചമർത്തുവാനും തള്ളിക്കളയുവാനും ശ്രമിക്കുന്നു. തങ്ങളുടെ സംഘടനയിലെ കല്പനകളും നിയമങ്ങളും കൃത്യമായി പാലിക്കുന്ന വ്യക്തിക്ക് രക്ഷ പ്രാപിക്കാൻ കഴിയും എന്ന് ഇവർ പഠിപ്പിക്കുന്നു. മാത്രമല്ല സംഘടനാനേതാക്കളുടെ നിയന്ത്രണത്തെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നത് നീതികരണത്തിന് അത്യന്താപേക്ഷിതമാണ് എന്ന് സംഘടനാ അംഗങ്ങളെയും ഓർമ്മിപ്പിക്കുകയും ചെയ്യുന്നു.

പല രാജ്യങ്ങളും പ്രവർത്തിച്ച് ആത്മീയ അടിമകളെ സൃഷ്ടിക്കുകയാണ് ദുരുപദേശ സംഘടനകളുടെ ജീവിതവൃത്തി. സ്വാതന്ത്ര്യദായകമായ ദൈവവചന ഉപദേശങ്ങളെ അടിച്ചമർത്തുന്നതിലൂടെയാണ് അതിനെ സാധ്യമാക്കിത്തീർക്കുന്നത്. അങ്ങനെ മിക്കവാറും എല്ലാ ദുരുപദേഷ്ടാക്കന്മാരും “സോളോ ഫിഡേ” അഥവാ വിശ്വാസത്താൽ മാത്രമുള്ള നീതികരണം എന്ന ഉപദേശം നിഷേധിക്കുന്നു.

### ക്രിസ്തുവിന്റെ വ്യക്തിത്വ നിരാകരണം

കർത്താവായ യേശുക്രിസ്തു ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രബിന്ദു മാത്രമല്ല, ക്രിസ്തീയ വിശ്വാസത്തിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ പരമാധികാരിയുമാണ്. അതിലുപരിയായി പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയ യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തോട് സമാനമായ ഒരു വ്യക്തിയും ഈ ലോകത്തിൽ ജീവിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ പ്രതിഷ്ഠയിലും, പ്രവർത്തനത്തിലും പൂർണ്ണമായ താഴ്മയും അനുസരണവും ഒഴിച്ചുകൂടാനാവാത്തവയായിരുന്നു. യേശുക്രിസ്തു ആരാണ് എന്ന യാഥാർത്ഥ്യം അംഗീകരിച്ചാൽ ദുരുപദേഷ്ടാക്കന്മാർക്ക് സംഘടനാ പ്രവർത്തനവുമായി മുമ്പോട്ടു പോകുവാൻ കഴിയുകയില്ല എന്നതാണ് യാഥാർത്ഥ്യം. അതിനാൽ ദുരുപദേശ സംഘടനകളുടെ സുഗമമായ നടത്തിപ്പിനു വേണ്ടി യേശുക്രിസ്തുവിന്റെ ദൈവത്വത്തെ അവമൂല്യം ചെയ്യുകയും യേശുക്രിസ്തു കേവലം ഒരു സിംഹാസനഭ്രഷ്ടനാണ് എന്ന് പറയുകയും ചെയ്യുന്നു. അതിലൂടെ ദുരുപദേഷ്ടാക്കന്മാരുടെ പഠിപ്പിക്കലുകളെ ക്രിസ്തുവിന്റെ പഠിപ്പിക്കലുകളെക്കാൾ പ്രാധാന്യമുള്ളതും ഒഴിച്ചുകൂടാൻ കഴിയാത്തതുമാണെന്ന് വരുത്തിത്തീർക്കുവാൻ ശ്രമിക്കുന്നു.

അക്രൈസ്തവ ദുരുപദേശ സംഘടനകളും യേശുക്രിസ്തുവിനെക്കുറിച്ച് സംസാരിക്കാറുണ്ട്. എന്നാൽ അത് മിക്കവാറും സിംഹാസന ഭ്രഷ്ടനായ യേശുവിനെക്കുറിച്ച് മാത്രം. ചിലർ യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തെ നിഷേധിക്കുമ്പോൾ മറ്റു ചിലർ അദ്ദേഹത്തിന്റെ ദൈവത്വത്തെ നിക്ഷേധിക്കുന്നു. മറ്റു ചിലരാകട്ടെ, യേശുക്രിസ്തുവിന്റെ വ്യക്തിത്വത്തെ വിശ്വസിക്കുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ ബൈബിൾ, യേശുക്രിസ്തുവിനു നൽകുന്ന സ്ഥാനത്തെക്കാൾ താഴ്ന്ന നിലവാരമാണ് യേശുക്രിസ്തു പുലർത്തുന്നത് എന്നതാണ് ഈക്കൂട്ടരുടെ അഭിപ്രായം.

# വേരില്ലാത്ത വൃക്ഷം



ജോഷി ജോസഫ്

ആറ്റരികത്ത് നട്ടിരിക്കുന്നതും തക്കകാലത്ത് ഫലം കായിക്കേണ്ടതുമായ വൃക്ഷത്തോടുപമിച്ചാണ് ദൈവമക്കളെ വചനത്തിൽ കാണുന്നത്. (സങ്കീ. 1:1; യിരെ. 17:8) എന്നാൽ യൂദയുടെ പുസ്തകത്തിൽ (വാ. 12) ഇലകൊഴിഞ്ഞും ഫലം ഇല്ലാത്തതും വേരറ്റുമായ മറ്റൊരു വൃക്ഷത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. ഈ വൃക്ഷത്തിന്റെ അടിസ്ഥാന പ്രശ്നം ഫലം ഇല്ലാത്തതോ ഇല ഇല്ലാത്തതോ അല്ല പിന്നെയോ വേര് ഇല്ല എന്നുള്ളതാണ്. വേരില്ലാത്ത ഒരു പ്രത്യേക ഇനം വൃക്ഷം ആയിരിക്കാം എന്നു ചിന്തിക്കുന്നതിനെക്കാൾ ഉത്തമം വളർന്ന് വലുതായപ്പോൾ കാലാവസ്ഥയുടെ വ്യതിയാനത്താലോ കീടങ്ങളുടെ ആക്രമണത്താലോ ശക്തമായിരുന്ന വേര് കാലക്രമേണ നഷ്ടമായി എന്നു ചിന്തിക്കുന്നതാണ് നല്ലത്. അങ്ങനെ എങ്കിൽ യൂദയുടെ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന വൃക്ഷത്തിന് മുൻകാലത്ത് ഇലകളും ഫലങ്ങളും ഉള്ളതായ ഒരു വൃക്ഷം ആയിരുന്നു എന്നു ചിന്തിക്കാം.

ഫലവും ഇലയും ഉണ്ടായിരുന്ന വലിയ വൃക്ഷത്തിന്റെ വേരിന് വന്ന ബലക്ഷയത്താൽ ഉണ്ടായ, പുതിയ പ്രതിഭാസമാണ് ഇപ്പോൾ കാണുന്ന ഇല ഇല്ലാത്തതും ഫലമില്ലാത്തതുമായ അവസ്ഥ. മണ്ണിനാൽ വേര് മറയപ്പെട്ടിരിക്കുന്നതിനാൽ ആരും കാണുന്നും ഇല്ല. മറഞ്ഞിരിക്കുന്ന വേരിന്റെ ജോലി സമയാസമയങ്ങളിൽ വൃക്ഷങ്ങളിൽ ആവശ്യമായ വെള്ളവും വളവും എത്തിച്ചു കൊടുക്കുക എന്നുള്ളതാണ്. വേരിന് ക്ഷയം സംഭവിച്ചതിനാൽ പ്രസ്തുത കാര്യത്തിൽ ഉണ്ടായ പരാജയം ആണ് നാളുകൾ കഴിഞ്ഞപ്പോൾ പുറത്തുള്ളവർ മനസ്സിലാക്കിയത്. എന്നാൽ എത്രയോ നാളുകൾ ആരും അറിയാതെ ഈ വലിയ വൃക്ഷങ്ങളുടെ ഒപ്പം തലയെടുത്ത് ഉയർന്ന് നിന്നു കാണും എന്ന് ന്യായമായി മനസ്സിലാക്കാം. ഇതു പോലെയുള്ള പടുകൂറ്റൻ വൃക്ഷങ്ങളെ നമ്മുടെ സഭയിലും സമൂഹത്തിലും ധാരാളമായി കാണുവാൻ കഴിയും. സ്വന്തം നിലനിൽപ്പിനായി ഇക്കൂട്ടർ ധാരാളമായി ഉപയോഗിക്കുന്ന ആയുധങ്ങൾ പാരമ്പര്യം, പണം മുതലായവയാണ്. ദൈവവചനവുമായിട്ട് യാതൊരു ബന്ധവും പുലർത്തുവാൻ ആഗ്രഹമില്ലാത്ത ഇത്തരം വലിയ വൃക്ഷങ്ങൾക്ക് ചെറിയ വൃക്ഷങ്ങളോട് എന്തെന്നില്ലാത്ത വെറുപ്പും വിദ്വേഷവും കണ്ടുവരുന്നു. ഏതെല്ലാം ഉണർവ്വുയോഗങ്ങൾ നടത്തിയാലും യാതൊരു ഫലവും ഇവരിൽ നിന്നും പ്രതീക്ഷിക്കരുത്. വേരില്ലാത്ത വലിയ വൃക്ഷം എന്ന നിലയ്ക്ക് ചെറിയ ഒരു കാറ്റിനാൽ മറിഞ്ഞ് വീഴാനും സാധ്യത ഏറെയാണ്. അങ്ങനെ മറിഞ്ഞു വീണാൽ ചെറിയ വൃക്ഷങ്ങളെ ചിലതിനെയെങ്കിലും തകർക്കുന്നകാര്യം മറക്കുകയില്ല ഈ കൂട്ടർ.

യൂദയുടെ പുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന വേരില്ലാത്ത വൃക്ഷത്തിന്റെ അവസ്ഥ ദൈവമക്കളുടെ രഹസ്യ പാപജീവിതത്തെയാണ് വിളിച്ചറിയിക്കുന്നത്. മണ്ണിനടിയിൽ മറയപ്പെട്ട വേര് കാലക്രമേണ നശിക്കുന്നതു പോലെ ആരും അറിയാതെ ദൈവമക്കൾ ചെയ്യുന്ന പാപങ്ങൾ അവരുടെ ദൈവവുമായുള്ള ആത്മിക ബന്ധത്തെയാണ് തകർക്കുന്നത് എന്നുള്ള അറിവാണ് ഈ വൃക്ഷം നൽകുന്നത്. സഭയിലും സമൂഹത്തിലും നല്ല പിള്ള ചമഞ്ഞ് നടക്കുമ്പോൾ തന്നെ പാപജീവിതത്തിൽ തുടർന്നാൽ ആരും അറിയുന്നില്ല എന്ന് ചിന്തിക്കുന്ന ചുരുക്കം ചിലരെ കാണാൻ കഴിയും. എത്രവലിയവനായാലും ഇരുട്ടത്തു ചെയ്തത് വെളിച്ചത്ത് വരുന്ന കാലമുണ്ട് എന്ന് ഓർക്കണം. എത്ര പടുകൂറ്റൻ വൃക്ഷം ആയിരുന്നാലും വേരില്ല എങ്കിൽ വൃക്ഷത്തിന് നിലനിൽപ്പില്ല. ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ എന്ന വചനം ഓർത്ത് വിശുദ്ധിയോടെ കർത്താവിനെ സേവിക്കാം. ഭയത്തോടെ അവനെ അനുഗമിക്കാം. ഫലവും ഇലയും ഉള്ള നല്ല വിശ്വാസികളായിരിക്കുവാൻ ദൈവം ഇടയാക്കട്ടെ. നല്ലഫലം കായ്ക്കാത്ത വൃക്ഷങ്ങളുടെ ചുവട്ടിൽ കോടാലി വച്ചിരിക്കുന്നു. നഷ്ടപ്പെട്ട സമയങ്ങളെ ഓർത്ത് ദുഃഖിക്കാതെ നാളെയെ ഓർത്ത് പുഞ്ചിരിക്കുവാൻ ദൈവം കൃപ കാണിക്കട്ടെ.

ഉത്തരം തേടി–31

# പരിണാമവാദത്തിന് ശാസ്ത്രീയ പിന്തുണയോ?



ജോൺ സെബാസ്റ്റ്യൻ

*ചോദ്യം 3 പരിണാമവാദം നിരീശ്വരവാദത്തെ വളർത്തുന്ന വളമായിത്തീർന്നു എന്നു കേട്ടിട്ടുണ്ട് അത് ശരിയല്ലെ?*

**ഉത്തരം:** ഒരു പരിധി വരെ ശരിയാണ്. എന്നാൽ നിരീശ്വരവാദത്തിൽ അടിസ്ഥാനപ്പെടുത്തിയ മൂലധനം ഡാർവിന് സമർപ്പിക്കുന്നതിന് അനുവാദം തേടിയ കാറൽ മാർക്സിനോട് അദ്ദേഹം വിയോജിച്ച ചരിത്രം പലർക്കും അറിയില്ല. ഡാർവിന്റെ മറുപടിക്കത്ത് മോസ്ക്കോയിലെ മാർക്സ് എംഗൽസ് ഇൻസ്റ്റിറ്റ്യൂട്ടിൽ സൂക്ഷിച്ചിരിക്കുന്നു. ക്രിസ്തീയ വിശ്വാസത്തോടുള്ള തന്റെ സമീപനം അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജോസഫ് സ്റ്റാലിന്റെ കാലത്ത് (1928–1953) റഷ്യയിൽ ഡാർവിനിസം നിരോധിക്കപ്പെട്ടതിന്റെ കാരണം മറ്റൊന്നായിരുന്നില്ല. ഡാർവിന്റെ പുസ്തകം അടിച്ചപ്പോൾ സൃഷ്ടിവിവരങ്ങളുള്ള ബൈബിളിന്റെ അടിത്തറ ഇളകിയെന്ന് നിരീശ്വരന്മാർ പ്രചരിപ്പിക്കുകയായിരുന്നു. എന്നാൽ ബൈബിളിന്റെ സൃഷ്ടിവിവരണത്തെ നിരോധിക്കുന്ന ഒരൊറ്റ ശാസ്ത്രീയ നിലപാടും ഡാർവിന്റെ പരിണാമവാദത്തിലില്ല. ഡാർവിന്റെ പരിണാമവാദം ശാസ്ത്രീയമായി തെളിയിക്കപ്പെടാത്ത സിദ്ധാന്തമായി ഇന്നു വരെ തുടരുന്നു. ഒരു കാലത്ത് പരിണാമസിദ്ധാന്ത പ്രചാരകരായിരുന്ന ശാസ്ത്രജ്ഞന്മാർ ഇന്ന് സൃഷ്ടിവാദ ശാസ്ത്ര സംഘടനകളിൽ അംഗങ്ങളായിക്കൊണ്ടിരിക്കുന്ന പ്രതിഭാസം പരിണാമവാദികളിൽ പരിഭ്രമം പരത്തിക്കൊണ്ടിരിക്കുന്നു.

# പെസഹാ പെരുന്നാളും ദൈവ കുഞ്ഞാടും (തുടർച്ച)

**ഏബ്രഹാം റ്റി. വർഗ്ഗീസ്**

യേശു ഇരിക്കുന്ന ഇടം ആരെങ്കിലും അറിഞ്ഞാൽ അറിവു തരണം എന്ന് മഹാപുരോഹിതന്മാരും പരീശന്മാരും കല്പന കൊടുത്തിരുന്ന ഒരു കാലയളവിൽ (യോഹ. 11:57) യേശുവിന്റെ യെരുശലേമിലേക്കുള്ള ആഗമനം എത്രയോ ഭയാനകമായിരിക്കണം. അതും പെസഹായ്ക്ക് 6 ദിവസം മുൻപേ വരുന്നു. ഒരു വലിയ പുരുഷാരം ഇപ്പോൾ അവനെ അനുഗമിക്കുന്നുണ്ട്. അവൻ പോകുമ്പോൾ അവർ തങ്ങളുടെ വസ്ത്രം വഴിയിൽ വിരിച്ചു. കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവൻ. സ്വർഗ്ഗത്തിൽ സമാധാനവും അത്യുന്നതങ്ങളിൽ മഹത്വവും എന്നു പറഞ്ഞു. (യോഹ. 19:38)

നിന്റെ ശിഷ്യന്മാരെ വിലക്കുക! എന്നു പരീശന്മാർ യേശുവിനോടു പറഞ്ഞു. ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തു വിളിക്കും എന്ന് യേശു അവരോടു അരുളിച്ചെയ്തു.

വിലാപമതിലിലെ വലിയ കല്ലുകൾക്ക് മുമ്പിൽ അവരുടെ പഴയകാല ഓർമ്മകളുമായി യഹൂദന്മാർ കരഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങിയിട്ട് ഇപ്പോൾ 19 നൂറ്റാണ്ടുകൾ പിന്നിട്ടിരിക്കുന്നു.

ആ ദൈവപുത്രന്റെ പാദസ്പർശനമേറ്റ ഒലിവ് മലയിലെ അതേ ആ പുണ്യഭൂമിയിലെ മണൽത്തരികൾ തന്റെ മഹത്വ പ്രത്യക്ഷതയ്ക്കായി ഒരുങ്ങി കാത്തിരിക്കുമ്പോൾ അവനെ എതിരേല്ക്കുവാൻ നമുക്കും ഒരുങ്ങി കാത്തിരിക്കാം.

### അധ്യായം രണ്ട്

### കർത്തൃമേശ

എ. ഡി. 30 ലെ വസന്തം വേനലിനു വിടപറയുമ്പോൾ അത്തിയുടെ കൊമ്പുകൾ ഇളതായി ഇലകൾ തളിരിട്ട് വളർന്നു കൊണ്ടിരുന്നു. നിസ്സാൻ മാസം 15-ാം തീയതി മുതൽ 21-ാം തീയതി വരെ 7 ദിവസത്തെ പെസഹാ പെരുന്നാൾ യെരുശലേം ദേവാലയത്തിൽ ആരംഭിക്കുകയായി. 14-ാം തീയതി സന്ധ്യാസമയത്താണ് പെസഹാ കുഞ്ഞാടിനെ അറുക്കുന്നത്.

പെസഹായ്ക്കുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായി കൊണ്ടിരിക്കുന്നു. പെസഹായ്ക്ക് 2 ദിവസം മുൻപുതന്നെ ഭവനങ്ങളിൽ നിന്ന് പുളിപ്പുള്ളതെല്ലാം നീക്കി ഭവനങ്ങൾ വെടിപ്പാക്കിയിരിക്കുന്നു. റോഡുകളുടെ അറ്റകുറ്റപ്പണികളും പൂർത്തിയായി. തീർത്ഥാടകർ ശവത്തെ തൊട്ടിട്ട് അശുദ്ധരായിത്തീരാൻ ഇടയാകാതെ ഇരിക്കേണ്ടതിന് വഴിവക്കുകളിലെ കല്ലറകൾ എല്ലാം വെള്ളതേച്ചു കഴിഞ്ഞു.

ഒലിവു മരങ്ങളുടെ മറവിലൂടെ പാത്തും പതുങ്ങിയും പുരോഹിതന്മാരുടെ അടുക്കൽ ചെന്നിട്ട് ഗുരുവിനെ ഒറ്റികൊടുക്കുവാൻ പ്രതിഫലമായി വാങ്ങിയ 30 വെള്ളിക്കാശുമായി മടങ്ങിവരുന്ന യൂദയുടെ മനസ്സിൽ ദ്രവ്യാഗ്രഹത്തിന്റെ വെള്ളിക്കിരണങ്ങൾ.

ഗുരുവിൽ നിന്നും തന്റെ ശിഷ്യന്മാരിൽ നിന്നും അകന്ന് ഈ ഘോരകൃത്യം ചെയ്യുവാനുള്ള സമയവും യൂദ കണ്ടെത്തി. അവൻ ചെയ്യുന്ന ഈ ഇരുട്ടിന്റെ പ്രവർത്തികൾ ഗുരു അറിയുന്നില്ലെന്നാണ് യൂദ ധരിക്കുന്നത്.

നിസ്സാൻ മാസം 14-ാം തീയതി പ്രഭാതത്തിൽ ഉദിച്ചുയർന്ന ഉദയ സൂര്യന്റെ ഇളം ചൂടേറ്റ ഒലിവിലകളിലെ മഞ്ഞുതുള്ളികൾ പാടെ അപ്രത്യക്ഷമായി.

മദ്ധ്യതരണിക്കടലിൽ നിന്നും ഓടി എത്തുന്ന തെന്നിളം കാറ്റിൽ എന്നും നൃത്തം ചെയ്യുന്ന ഒലിവു മരങ്ങളുടെ ശാഖകളും ഇലകളും അന്നു ചലനമറ്റവയെപ്പോലെ വിഷാദമൂകമായി നിൽക്കുന്നു.

പുളിപ്പുള്ളതെല്ലാം ഭവനങ്ങളിൽ നിന്നും ദേവാലയങ്ങളിൽ നിന്നും നീക്കിക്കളയുന്നതിൽ സ്വന്തജനമായ യഹൂദന്മാർ ഈ പകലിൽ വ്യാപൃതരായിരിക്കുന്നു. തൂക്കുന്നു, തുടയ്ക്കുന്നു, അടിച്ചുവാരുന്നു; ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന ഈ പ്രക്രിയകളാൽ അവർ പുളിപ്പുള്ളതൊന്നും ശേഷിപ്പിക്കാതെ പെസഹായുടെ ദൈവിക നിയമങ്ങൾ ന്യായപ്രമാണത്തിലൂടെ അനുസരിക്കുന്ന പാരമ്പര്യത്തിൽ മുഴുകിയിരിക്കുന്നു.

യേശുക്രിസ്തുവും 12-ാം വയസ്സു മുതൽ എല്ലാ പെസഹാ പെരുന്നാളിലും ഗലീലയിൽ നിന്നും യെരുശലേം ദേവാലയത്തിൽ എത്തുക പതിവായിരുന്നു. പുതിയ നിയമത്തിന്റെ പെസഹാ കുഞ്ഞാടായ ഈ ദൈവപുത്രന്റെ ഐഹിക ജീവിതത്തിലെ ഒടുവിലത്തെ പെസഹാ പെരുന്നാളാണിത്. ഏതാണ്ട് 27 ലക്ഷം തീർത്ഥാടകർ ഈ പെസഹാ പെരുന്നാളിന് യെരുശലേമിൽ എത്തിയിട്ടുണ്ടായിരുന്നു എന്ന് വില്യം ബാർക്കേ തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിരിക്കുന്നു.

## മിഷനറി സ്റ്റോറി

# ഡേവിഡ് ബ്രയിനാർഡ്

അമേരിക്കൻ ഐക്യനാടുകളിൽ 1718 ഏപ്രിൽ 20-ാം തീയതി ഡേവിഡ് ബ്രയിനാർഡ് ജനിച്ചു. ഒൻപതാം വയസ്സിൽ തന്റെ പിതാവും പതിനാലാം വയസ്സിൽ മാതാവും ഈ ലോകത്തിൽ നിന്നും യാത്രയായി. അങ്ങനെ അനാഥന്മാരുടെ കൂടെ അനാഥനായി മാറി. മാതാപിതാക്കളുടെ ഒൻപതു മക്കളിൽ ഒരാളായിരുന്നു ബ്രയിനാർഡ്. കോളേജിൽ നടന്ന ചില അനീതികൾ നിമിത്തം ബ്രയിനാൾഡ് ഒരു അദ്ധ്യാപകനെ വിമർശിച്ചത് പ്രശ്നമുണ്ടാക്കി. അധികാരികൾ അദ്ദേഹത്തെ കോളേജിൽ നിന്ന് പുറത്താക്കി. ഒരിക്കൽ എബനേസർ പെംബർട്ടണിന്റെ പ്രസംഗം ആ സ്ഥലത്തു നടന്നു. അതു കേൾക്കുവാനായി ബ്രയിനാർഡ് കടന്നു പോയി. പെംബർട്ടൺ റെഡ് ഇന്ത്യാക്കാരെക്കുറിച്ച് ആഴമായി സംസാരിച്ചു. അവരുടെ ഇടയിൽ സുവിശേഷപ്രവർത്തനങ്ങൾ ഇല്ലായിരുന്നു. വിഗ്രഹാരാധനയും മദ്യപാനവും എല്ലാ ദുർമാർഗ്ഗങ്ങളും നിറഞ്ഞ ഇന്ത്യക്കാരെ സുവിശേഷീകരിക്കുന്നതിന്റെ ആവശ്യകത പെംബർട്ടൺ ഊന്നിപ്പറഞ്ഞു.

അങ്ങനെയിരിക്കെ, ന്യൂയോർക്കിലുള്ള ഒരു പട്ടക്കാരൻ റെഡ് ഇന്ത്യാക്കാരുടെ ഇടയിലേക്കു പോകുവാൻ താൽപര്യമുള്ളവരെ തെരയുന്നുവെന്ന് ബ്രയിനാർഡ് അറിഞ്ഞു. എന്നാൽ അവരുടെ ഇടയിലേയ്ക്കുള്ള യാത്ര അത്ര സുഗമമായിരുന്നില്ല. ഇടതൂർന്ന വനവും, അരുവികളും താഴ്വരകളും മലകളും വന്യജീവികളും നിറഞ്ഞ റെഡ് ഇന്ത്യൻ പ്രദേശങ്ങൾ സാധാരണക്കാരെ സംബന്ധിച്ചിടത്തോളം അപകടമായിരുന്നു. എന്നാൽ ദൈവത്തിൽ മാത്രം വിശ്വാസമർപ്പിച്ചുകൊണ്ട് ആ പ്രദേശത്തേക്കു പോകുവാൻ ബ്രയിനാർഡ് തീരുമാനിച്ചു. തന്റെ 25-ാം വയസ്സിൽ സകലതും വെടിഞ്ഞ് ബ്രയിനാർഡ് വനത്തിലേക്ക് പ്രവേശിച്ചു. ആകെ ഒരു വേദപുസ്തകവും അത്യാവശ്യം വസ്ത്രങ്ങളും മാത്രമായിരുന്നു താൻ കൈവശം കരുതിയിരുന്നത്. ഇന്ത്യൻ വനങ്ങളിൽ തന്റെ ജീവിതം ദുഷ്കരമായിരുന്നു. പലപ്പോഴും അപകടങ്ങൾ സംഭവിച്ചു. മരണം തന്നെ മാടിവിളിക്കുന്നതുപോലെ തോന്നി. നല്ല ആഹാരം ലഭിക്കുവാൻ മാർഗ്ഗം ഒന്നുമില്ലായിരുന്നു. പതിനഞ്ചു മൈലുകൾ നടന്നായിരുന്നു ആഹാരം വാങ്ങിയിരുന്നത്. അതിനാൽ പൂത്തതും പഴകിയതും രുചിയില്ലാത്തതുമായ ഭക്ഷണം കൊണ്ട് തൃപ്തിപ്പെടേണ്ടി വന്നു. റെഡ് ഇന്ത്യക്കാരനായ ഒരു ദ്വിഭാഷിയായിരുന്നു അദ്ദേഹത്തിന്റെ സന്തത സഹചാരി. പലപ്പോഴും ഏകാന്തതയിൽ താൻ ഡയറിയിൽ എഴുതി, ഈ ലോകം തരാത്ത സമാധാനം എനിക്കു ദാനം തന്ന ദൈവത്തിനു നന്ദി. ആ വനപ്രദേശം വളരെ പ്രാകൃതമായിരുന്നു. അന്ധവിശ്വാസങ്ങൾ പലതായിരുന്നു. ഒരു വർഷത്തെ അവരുടെ ഇടയിലുള്ള പ്രവർത്തനം വളരെ സന്തോഷജനകമായിരുന്നു. അവരുടെ ജീവിതത്തിൽ സമൂലമായ മാറ്റം ഉണ്ടാക്കിയെടുക്കുവാൻ ബ്രയിനാർഡിനു കഴിഞ്ഞു. ഭീകരനൃത്തങ്ങളും, അട്ടഹാസങ്ങളും, ബലിയും എല്ലാം രംഗം വിട്ടുതുടങ്ങി. പുരുഷന്മാർ തൂവൽ കൊണ്ടുള്ള തൊപ്പി ധരിക്കുമായിരുന്നു. ഇതിനിടയിൽ രോഗതുരമായ തന്റെ ശരീരം വളരെയധികം പ്രശ്നങ്ങളെ അതിജീവിച്ചു. അതൊന്നും തന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കുവാൻ ബ്രയിനാർഡ് കിണഞ്ഞു ശ്രമിച്ചുകൊണ്ടിരുന്നു. ഒരിക്കൽ താൻ വനത്തിനുള്ളിൽ കുടുങ്ങിപ്പോയി. വെറും നിലത്തു രാത്രി മുഴുവൻ കഴിച്ചു കൂട്ടി. അവിടെനിന്നും മടങ്ങും വഴി ഒരു ഹിമക്കുഴിയിൽ വീണു. തണുത്തുറഞ്ഞ മഞ്ഞുവെള്ളത്തിൽപ്പെട്ടു താൻ വളരെ കഷ്ടപ്പെട്ടു. ഒടുവിൽ അദ്ദേഹം മറ്റൊരു പ്രദേശത്തേക്കു പോകുവാൻ ആഗ്രഹിച്ചു. പക്ഷെ ആ പ്രദേശത്തുള്ളവർ അദ്ദേഹത്തെ പിരിയുവാനിഷ്ടപ്പെട്ടില്ല. മറ്റുള്ളവർകൂടി സുവിശേഷം കേൾക്കട്ടെ എന്ന മറുപടിയുമായി അദ്ദേഹം യാത്ര പുറപ്പെട്ടു. പെൻസിൽവാനിയയിലേക്ക് അദ്ദേഹം കടന്നു പോയി. അവിടെ ഉണ്ടായിരുന്ന ഇന്ത്യക്കാർ കുടിയന്മാരും കൊള്ളക്കാരും സകലവിധ ദുർമാർഗ്ഗങ്ങളും ഉള്ളവരുമായിരുന്നു. തന്റെ പ്രസംഗം പരിഭാഷപ്പെടുത്തുവാൻ ഒരു വ്യക്തിയെ തനിക്ക് ലഭിച്ചില്ല. ഒരിക്കൽ ഒരു മദ്യപാനിയാണ് പ്രസംഗം പരിഭാഷപ്പെടുത്തിയത്.

1745-ൽ ബ്രയിനാർഡ് പെൻസിൽവാനിയയിൽ നിന്നും ന്യൂജേഴ്സിയിലേക്കു പോയി. അവിടെ ഉണ്ടായിരുന്നവർ സുവിശേഷത്തിനു വേണ്ടി ദാഹിക്കുന്നവർ ആയിരുന്നു. വലിയ കൂട്ടം ജനം -ഇന്ത്യക്കാരും വെള്ളക്കാരും- തന്റെ പ്രസംഗം കേൾക്കുവാൻ തടിച്ചുകൂടി. 1745-ൽ ഇന്ത്യക്കാരുടെ ഇടയിൽ ഒരു ഉണർവ്വ് പൊട്ടിപ്പുറപ്പെട്ടു. ആഗസ്റ്റ് 6-ാം തീയതി രാവിലെ ബ്രയിനാർഡ് താമസിച്ചിരുന്ന ലോഡ്ജിൽ വച്ച് ഇന്ത്യക്കാരോട് താൻ സുവിശേഷം പറഞ്ഞു. കേട്ടവരൊക്കെ നിലവിളിച്ചുകൊണ്ട് യേശുവിനെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം സാധാരണയായി താൻ പ്രസംഗിക്കാറുള്ള സ്ഥലത്തു ചെന്നു 1 യോഹ. 4:10-ാം വാക്യം ആസ്പദമാക്കി പ്രസംഗിച്ചു. ഏകദേശം 55 പേർ അവിടെ ഉണ്ടായിരുന്നു. പ്രസംഗത്തിനുശേഷം മുപ്പത്തേഴുപേർ കഠിന പശ്ചാത്താപത്തോടെ നിലവിളിച്ചു തുടങ്ങി.

യേശു തന്റെ ജീവനെ തങ്ങൾക്കായി ബലിയാക്കിയതും, പുത്രനെ ആദരിക്കാതെ ദൈവം ലോകത്തെ സ്നേഹിച്ചതും അവർക്കു പുതുമയായിരുന്നു. ആ ദൈവസ്നേഹത്തിന്റെ കൂട്ടവകാശിയാകുവാൻ മനുഷ്യരെ ദൈവം ക്ഷണിക്കുന്നുവെന്ന സത്യം അവർ മനസ്സിലാക്കി. സുവിശേഷത്തിന്റെ അലകൾ അവരുടെ ഹൃദയത്തിലേക്ക് തുളച്ചുകയറി. കഴിഞ്ഞ ദിവസം വരെ വിഗ്രഹങ്ങൾക്കു മുമ്പിൽ അട്ടഹസിക്കുകയും നൃത്തം ചെയ്യുകയും മദ്യപിക്കുകയും ചെയ്തിരുന്നവർ ഇപ്പോൾ യേശുവിനോട് ഹൃദയം തുറന്ന് നിലവിളിക്കുന്നു! വിഗ്രഹങ്ങളുടെ ഉത്സവങ്ങൾ ഇന്ന് ഹൃദയസ്പർശിയായ സ്വർഗീയ ഗീതങ്ങൾക്ക് വഴി മാറിയിരിക്കുന്നു.

മുപ്പതു വർഷം പോലും ജീവിച്ചിരിക്കുവാൻ ആകാത്ത അദ്ദേഹം ക്രിസ്തുവിന്റെ സാക്ഷിയായത്, തന്റെ മിഷനറി ദൗത്യത്തെ പൂർണ്ണമായി ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തിച്ചതിനാലാണ്. ശരീരത്തിന്റെ ബലഹീനതയും, ആയുസ്സിന്റെ ദൈർഘ്യമില്ലായ്മയും ഒന്നും, തന്റെ പ്രവർത്തനത്തിനു തടസ്സമായില്ല. ആ ജീവിതവും പ്രവർത്തനങ്ങളും നമുക്കേവർക്കും ഒരു വെല്ലുവിളിയായിത്തീരേണ്ടതാണ്.

August 14 2008

REGISTERED
Reg. No. 2893/86/M7
Postal Reg. No.
KL / TLA / 89 / 2006 -2008
Licence to post without
prepayment Licence No.
L/ KL / TL A/ PP / 4

# JEEVA VACHANAM

## Fortnightly

"\nsâ hN\w Fsâ Imen\v Zo]hpw Fsâ ]mXbv¡v {]Imihpw BIp¶p" (k¦oÀ¯\w 119:105)

JEEVA VACHANAM
SATHYAM MINISTRIES
THOTTABHAGOM P.O.,
THIRUVALLA-689 541, KERALA(S) INDIA
Tele/Fax 0469-2619209, 2619005, 2619657
Mobile: 9447126182, 9446026182
E-mail: office@truthintl.org
web site: www.truthintl.org

## ബീഹാർ ബ്രദറൺ കോൺഫ്രൻസ്

**ബഗുസരായ്:** ഓൾ ബീഹാർ ബ്രദറൺ ബിലീവേഴ്സ് കോൺഫ്രൻസ് ഒക്ടോബർ 6 മുതൽ 9 വരെ ബഗുസരായ് ഓൾ ബീഹാർ ബ്രദറൺ ബിലീവേഴ്സ് ബ്രദറൺ അസംബ്ലിയുടെ ആഭിമുഖ്യത്തിൽ ജൂബിലി ഹാൾ ആഡിറ്റോറിയത്തിൽ വെച്ചു നടക്കും. 40-ലധികം സുവിശേഷകന്മാരും 400-ൽ പരം വിശ്വാസികളും സംബന്ധിക്കും. "ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും" എന്നതാണ് കോൺ ഫറൻസ് തീം. സുവി. ചാണ്ടപിള്ള ഫിലിപ്പ്, ഷാലു റ്റി. നൈനാൻ, രാജൻ തോമസ്, സാമുവേൽ കുര്യൻ, ഡേവിഡ് ജോസഫ്, ജിം മാത്യു എന്നിവർ പ്രസംഗിക്കും. സമ്മേളനത്തോടനുബന്ധിച്ച് കിഡ്സ് ക്യാമ്പ് ഉണ്ടായിരിക്കും. എസ്. ബി. എസ്. പരിശീലനം നേടിയ അധ്യാപകർ ക്ലാസുകൾ നയിക്കുന്നു.

## ബാലസംഘം ക്യാമ്പ് തൃശൂരിൽ

**തൃശൂർ:** സുവിശേഷകൻ ബാലസംഘത്തിന്റെ ആഭിമുഖ്യത്തിൽ 2008 സെപ്റ്റംബർ 9-13 വരെ നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വെച്ച് ക്യാമ്പ് നടക്കുന്നതായിരിക്കും. "ദൈവ ത്തെ ഭയപ്പെടുക; മറക്കരുത്" എന്നതാണ് ക്യാമ്പ് തീം. കെ. വി. മാത്യു, ബിനു സാമുവൽ, റെജി. കെ. തോമസ്, ഡോ. ജോൺ ഏബ്രഹാം, എബ്രഹാം ജേക്കബ് എന്നിവർ മുഖ്യ ലീഡേഴ്സ് ആയിരിക്കും. സംഗീതം, വേദവിജ്ഞാനം, പ്രസംഗം, കഥ എന്നിവയ്ക്ക് മത്സരങ്ങൾ ഉണ്ടായിരിക്കും. ഏകദേശം Rs. 2,50,000/- രൂപാ ചിലവ് പ്രതീക്ഷിക്കുന്നു. ക്യാമ്പിന്റെ അനുഗ്രഹത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കുകയും വേണ്ട സാമ്പത്തിക സഹായങ്ങൾ ചെയ്യണമെന്ന് സുവിശേഷകൻ ബാലസംഘം സെക്രട്ടറി പ്രസാദ് ഡേവിഡ് അറിയിച്ചു.

## ദൈവാലയങ്ങൾ പുനർനിർമ്മിക്കുന്നു

**ഇറാക്ക്:** യുദ്ധം കൊണ്ടും അനാസ്ഥകൊണ്ടും നശിച്ചുപോയ തെക്കേ ഇറാക്കിലെ ക്രിസ്തീയ ദൈവലായങ്ങൾ പുനർനിർമ്മിക്കാനുള്ള പദ്ധതിക്കു ക്രൈസ്തവർ തുടക്കം കുറിച്ചു.

പ്രാദേശിക ക്രൈസ്തവരുടെ അഭ്യർത്ഥയെ മാനിച്ചു ഗവൺമെന്റാണു പുനർനിർമ്മാണത്തിനു പണം നൽകുന്നത്. അവിടെ ഇസ്ലാം മതമല്ലാത്ത മതത്തിലുള്ളവരുമായി സഹകരിച്ചുകൊണ്ടാണു പദ്ധതി മുന്നോട്ടു കൊണ്ടുപോകുകയെന്നു ബിഷപ്പ് ഇമാദ് അസീസ് അൽ ബാന്ന അറിയിച്ചു. ഉം അൽ അഷാൻ ദൈവാലയം വീണ്ടും തുറന്നതിനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. ഇപ്പോൾ ഇറാക്കിലെ സുരക്ഷിതാവസ്ഥ ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനകരമാണെന്നും ഇറാക്കിൽ നിന്നും പാലായനം ചെയ്ത ക്രൈസ്തവർ മടങ്ങിവന്നുകൊണ്ടിരിക്കുകയാണെന്നും അതുകൊണ്ടു പഴയ ദൈവാലയങ്ങൾ വീണ്ടും സജ്ജമാക്കേണ്ടതുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

SATHYAM MINISTRIES
Please Pray For
OUR MINISTRIES:
- Sathyam Bible Society
- Sathya Nikethan (Special School for the Differently Abled)
- Sathyanikethan, Mumbai (Shelter for Orphans)
- Sathya Koodaram (Prayer Tent)
- Sathyam Literature Ministry
- Sathyam Book Shop
- Charitable & Relief Works
- Vachanavahini Gospel Team
- Sathyam Theological Seminary, Kattappana
- Free Wheelchair Ministry
- Sathyam Mission School (Gujarat, Mumbai, AP)
- Church Leaders Conferences
- Sathyam Crusades
- Vocational Training Centre, Vijayanagaram, Kerala
- Sathyam Bible College Vijayanagaram

Our Aim : SOULS THROUGH GOD'S WORD
for more details contact
SATHYAM MINISTRIES
Thottabhagom P.O., Thiruvalla - 689 541, Kerala, India.
Tel: 0469 2619209, 2619657, Fax- 2619005, Mob: 9447126182, 9446026182
E-mail: satyam_india@yahoo.com, Website: www.sathyam.org

വിചാരം



## നമുക്ക് ശപിക്കപ്പെടാതിരിക്കാം

ഡോ. സി. വി. വടവന

യഹോവയുടെ പ്രവൃത്തി ഉദാസീനതയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവൻ (യിരെ. 48:10) എന്നാണ് മോവാബ്യരേക്കുറിച്ചുള്ള പ്രവാചകന്റെ അരുളപ്പാട്. ഈ വാക്യം അന്വർത്ഥമാക്കുന്ന തരത്തിലുള്ളതായിരുന്നു ഏലി പുരോഹിതന്റെ ജീവിതവും ശുശ്രൂഷകളും. തന്റെ സ്വന്തം ഓമനപ്പുത്രന്മാർ ദൈവത്തിന്റെ ആലയത്തിൽ ഹീനകാര്യങ്ങൾ പൊടിപൂരമായി ഘോഷിക്കുമ്പോഴും ഏലി പുരോഹിതൻ അവരെ വഴക്കു പറയുന്ന രീതി ശ്രദ്ധിക്കൂ, "എന്റെ മക്കളേ യഹോവയുടെ ജനം നിങ്ങളെക്കുറിച്ച് പരത്തുന്നതായി ഞാൻ കേൾക്കുന്ന കേൾവി നന്നല്ല" (1 ശമൂ. 2:24). ദൈവാലയത്തിൽ അനാശാസ്യപ്രവർത്തനം നടത്തുമ്പോഴും മക്കളെ "ഓമനക്കുട്ടാ" എന്നാണ് വിളി. മക്കളെ ശ്വാസിച്ചമർത്തേണ്ടതിനു പകരം (3:13) അവരെ പൊതിഞ്ഞു രക്ഷിക്കാനാണ് ദൈവാലയത്തിന്റെ കാവൽ ഭടന് മോഹം. പക്ഷേ യഹോവയുടെ ദർശനം ഇടിവാൾ പോലെ ആ കുടുംബത്തെ തകർത്തു കളയുന്നതാണ് നാം കാണുന്നത്.

എന്നാൽ അതു കേട്ടിട്ടും ഏലി പുരോഹിതന്റെ ഉദാസീനത ശ്രദ്ധിക്കേണ്ടതാണ്. "യഹോവയല്ലോ; തന്റെ ഇഷ്ടം പോലെ ചെയ്യട്ടെ" (1 ശമൂ. 3:18). കാര്യം എത്ര ലാഘവം! പുരോഹിത ശുശ്രൂഷയ്ക്ക് പുരോഹിതൻ തന്നെ കൊടുത്തിരിക്കുന്ന ഗൗരവം നോക്കുക! എത്ര ഭയാനകമായ വിപത്താണിത്. ദൈവത്ത് സേവിച്ച് സേവിച്ച് ഇപ്പോൾ ദൈവം തിരിച്ചു സേവിക്കട്ടെയെന്ന ഭാവത്തിലെത്തിയിരിക്കുന്നു. ഇത്തരം ഒരു വിധ മനോഭാവം തന്നെയാണ് ഇന്നത്തെ സഭാതലത്തിലും നടമാടി വരുന്നത്. ഒന്നിനേയും പേടിയില്ലാത്ത രീതി. ആത്മീയ കാര്യങ്ങളും ഉപദേശങ്ങളും ഒക്കെ ഇപ്പോൾ അങ്ങനെയും ഇങ്ങനെയും ആകാം എന്ന മട്ടിലായിട്ടുണ്ട്. ആഭരണം ഇടാനും വാക്യമില്ല, ഊരാനും വാക്യമില്ല എന്നൊക്കെ ആയി. എന്താ പിന്നെ ഇടാത്തത് എന്നു ചോദിച്ചു പോകരുതെന്നു മാത്രം.

പുത്രന്മാരെ യഹോവയെക്കാൾ ബഹുമാനിക്കുന്നതായിരുന്നു ഏലി പുരോഹിതന്റെ യഥാർത്ഥ പതനം (2:29). മക്കളെ ദൈവമാക്കുന്ന മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടുന്ന ഒരു വലിയ മാതൃകാപാഠമാണിവിടെ ദർശിക്കുന്നത്. ഏലിയുടെ ഉദാസീനത നിമിത്തം യിസ്രായേലിനു ഭവിച്ച വിപത്ത് മറ്റൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധമായിരുന്നു. സ്വന്തം കുടുംബം തകർന്നതിനോടൊപ്പം നിയമപെട്ടകം നാഥനില്ലാതെ ശത്രുപാളയത്തിൽ അനാഥമായി സഞ്ചരിക്കേണ്ടി വന്നു. കെരൂബുകളുടെ മദ്ധ്യത്തിൽ വസിച്ചിരുന്ന യഹോവയുടെ പെട്ടകം ശത്രു പാളയത്തിൽ അസ് തോദിലും ഗത്തിലും എക്രോനിലും വിചിത്ര വിശേഷമായിത്തീർന്നിരിക്കുകയാണ്. ഒടുവിലിതാ ദൈവത്തിന്റെ നിയമപെട്ടകം കറവപശുക്കൾ ചുമന്നുകൊണ്ടു വരുന്നു. എത്ര ശോചനീയം! ഇന്നും സംഭവിക്കുന്നത് ഇതു തന്നെയാണ്. ചുമതലക്കാരുടെ ഉദാസീനത മൂലം ദൈവസഭയെയും ആത്മീയ സത്യങ്ങളെയും പൊതുജനം മൂക്കിൽ കൈവച്ചു കളിയാക്കുന്നു. ഈ ദയനീയ സ്ഥിതി മനസ്സിലാക്കുക. ആദരിക്കേണ്ടവർതന്നെ അനാദരവ് കാട്ടുമ്പോൾ ദൈവസഭ സമൂഹമദ്ധ്യത്തിൽ പരിഹാസ വിഷയമാകുന്നു. ദൈവത്തെക്കുറിച്ചുള്ള ഭയം നഷ്ടപ്പെടുന്നു. ആർക്കും ആരെയും നിയന്ത്രിക്കാൻ കഴിയാത്തവണ്ണം വിശുദ്ധിയും വേർപാടും ദൈവഭയവും അന്യം നിന്നിരിക്കുന്നു. നമുക്ക് ഗൗരവത്തോടെ ദൈവിക ശുശ്രൂഷ ചെയ്യാൻ തയ്യാറാകാം. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ.

Printed, Published and Owned by C.V. Vadavana, SLS Trust, Tiruvalla, Printed at Bethany Press for Udaya Press Kottayam. Published at SLS Trust, Tiruvalla, Editor: C.V. Vadavana.